# കോരന്റെ കാള

(ഖണ്ഡകാവ്യം)

"ഇന്ദ്രിയസുഖമതിലാണ്ടു വസിക്കാം;
ചന്ദ്രനിലേയ്ക്കിനിയെന്തിനു പോണം?"



61/99

T61/M99

കെ. എം. മുട്ടചിറ

# കോരൻെറ കാള

# KORANTE KALA

BY

K. M. MUTTUCHIRA

*Price 15 N. P.*

# കോരന്റെ കാള

(ഒരു ഖണ്ഡകാവ്യം)

DHARMARAM COLLEGE LIBRARY, BANGALORE
19815
T61
M99

ഗ്രന്ഥകർത്താവ്:

കെ. എം. മുട്ടുചിറ

വില 15 നഃ പൈ.

ഒന്നാംപതിപ്പ്                കോപ്പി 1000

1961 ജനുവരി

(All rights Reserved)

Printed and Published by the Author
at the J. M. Press, Alwaye; (S. India)

# കൃപ്പൈകെ!

ഈ എളിയ കൃതിയെ തികഞ്ഞ പ്രതീക്ഷകളോടുകൂടി സഹൃദയസമക്ഷം സവിനയം സമർപ്പിക്കുന്നു.

ഈ ചെറുകൃതിക്കു രൂപം കൊടുക്കുവാൻ എന്നെ വേണ്ടവിധത്തിൽ സഹായിച്ച സഹൃദയന്മാരായ സുഹൃത്തുക്കൾക്കും, ജെ. എം. പ്രസ്സ് ഭാരവാഹികൾ മുതലായവർക്കും ഒരു നല്ല അവതാരികകൊണ്ടു് ഈ ഖണ്ഡകാവ്യത്തിനു മകുടം ചാർത്തിയ എ. പള്ളിക്കുന്നൻ അവർകൾക്കും എൻെറ അഭ്യുദയകാംക്ഷികളായ നിങ്ങളേവർക്കും വിനീതവും കൃതജ്ഞതാനിർഭരവുമായ കൃപ്പൈകെ!!

ഗ്രന്ഥകർത്താ:

കെ. എം. മുട്ടചിറ

# അവതാരിക

കേരളീസാഹിത്യത്തിന്റെ പ്രഥമതഃ കെ. എം. മുട്ടചിറ സമ്മാനിക്കുന്ന "കോരന്റെ കാള" വിഷയസംബന്ധമായ പരിഗണനയിൽ മലയാളത്തിലേ അല്പപല്യകൃതിയാണ്. കോരന്റെ അധീനതയിൽനിന്നു സ്വതന്ത്രനായ കാളക്കുററൻ, കാട്ടിൽ പുല്ലും വെള്ളവുമില്ലാതായപ്പോൾ ഭാവിയിൽ സുഖമായി ജീവിക്കുവാൻ, ഉപദേശിച്ചുകൊടുക്കുന്ന ഭക്ഷ്യപ്രശ്നനിവാരണമാർഗ്ഗം സ്വീകരിച്ചു പ്രവർത്തിക്കുകയും നിരസിച്ചുജീവിക്കുകയും ചെയ്ത മൃഗങ്ങളുടെ അനന്തരജീവിതഫലങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളാണ്, ഇതിവൃത്തം. കവിയുടെ അനന്യസാധാരണമായ ഭാവനയും അനല്പമായ ചിന്തയും ഈ കാവ്യകൃതിയിൽ തെളിഞ്ഞു കാണാം. ഭാവന അസാധാരണമെന്നു ഗ്രഹിക്കുവാൻ കൃതി ഒന്നു വായിച്ചാൽ മതി. എന്നാൽ, ചിന്ത അഗാധമെന്നു ഗ്രഹിക്കുവാൻ അതുമാത്രം പോരാ. ഓരോ അടിയിലും മറച്ചുവച്ചിരിക്കുന്ന മർത്ത്യസ്പർശികളായ കാര്യങ്ങൾ നിരീക്ഷിച്ചറിയുവാൻ പര്യാപ്തമായ കഴിവും അവയെ വേണ്ടവിധം ഗ്രഹിക്കുവാനുപകരിക്കുന്ന സന്നദ്ധതയും ആവശ്യകമാണ്. അവ ആസ്വാദകനുണ്ടെന്ന ഉറച്ച വിശ്വാസമായിരിക്കണം, മൃഗലോകം മാനവലോകത്തിന് ഉത്തമ പാഠം നല്കുന്നുവെന്ന ആശയം വ്യക്തമാക്കി കവിത ഉപസംഹരിക്കുവാൻ കവി പ്രേരിതനായത്.

കാവ്യമേന്മ വർദ്ധിപ്പിക്കുന്നതാണ്, കവിതയിലേ "സിംബോളിസം". കോരന്റെ കീഴിൽനിന്നു മോചനം പ്രാപിച്ച കാള, വിദേശാധിപത്യത്തിൽനിന്നു മോചനം പ്രാപിച്ച ഒരു രാജ്യത്തെ സൂചിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ, ഭക്ഷ്യപ്രശ്നം പരിഹരിച്ചു ഭാസുരഭാവി വിഭാവനം ചെയ്യുവാൻ മൃഗങ്ങൾക്കു നിർദ്ദേശിക്കപ്പെടുന്ന പദ്ധതി, ജനപ്പെരുപ്പം തടഞ്ഞു ജനക്ഷേമം വർദ്ധിപ്പിക്കുവാൻ ജനലക്ഷങ്ങൾക്ക് ഉപദേശിക്കപ്പെടുന്ന നിയമവിരുദ്ധമായ ജനനനിയന്ത്രണപദ്ധതിയെയും. 'കൂററന്റെ' നിർദ്ദേ

ശമനുസരിച്ചു പ്രവൎത്തിച്ച മൃഗങ്ങൾക്ക് അനുഭവപ്പെട്ട രണ്ടു സംഗതികൾ സരസമായ രീതിയിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. ആ രണ്ടു കാൎയ്യങ്ങളും മനുഷ്യനെ അക്ഷരശ: ബാധിക്കാവുന്നവയാണ്.

ഇടതടവോ താളമേളന്യൂനതയോ ഇല്ലാത്ത പദപ്രയോഗങ്ങളും ദ്വിതീയാക്ഷരപ്രാസങ്ങളും ആദ്യവസാനം ഈ കവിതയിൽ പ്രകടമാകുന്നുണ്ട്. ആലങ്കാരികവൎണ്ണനകൾ ഹൃദയാകൎഷകങ്ങളാണ്. ഭാഷാവൃത്തപരിപോഷണശ്രമങ്ങളിൽ ക്രിയാത്മകമായ പങ്കു കാവ്യക്രുത്തു വഹിക്കുന്നുവെന്നതിനു തെളിവുകൂടിയാണ്, ഈ പ്രബന്ധം. രസിക്കുവാനും ചിരിക്കുവാനും വക നല്കുന്ന കവി, ചിന്തിക്കുവാനും തീരുമാനമെടുക്കുവാനും പ്രചോദനം നല്കുന്നവകൂടി തരുവാൻ മറന്നിട്ടില്ല.

ഒരു ജനകീയകവിയായി ഉയരുവാനുള്ള കഴിവുകൾ ഈ യുവകവിയിൽ ഒളിഞ്ഞു കിടക്കുന്നുണ്ട്. അവ തെളിഞ്ഞുവരുമെന്നു പ്രതീക്ഷിക്കാം. ഇന്നിൻെറ സാഹിത്യകാരന്മാരും കവികളും ആയി പ്രത്യക്ഷപ്പെടേണ്ട പലരും ഇന്നലെയുടെ 'പ്രോത്സാഹനരാഹിത്യ'പ്പേമാരിയേററു പനിപിടിച്ചു വിറച്ചുകിടക്കുകയാണ്. അതു സഹൃദയലോകത്തിനു വലിയൊരു നഷ്ടവുമാണ്. നാളെയുടെ ആദൎശസമ്പന്നരായ സാഹിതീസേവകരാകുവാൻ അഭിലഷിക്കുന്നവർ സ്ഥിരോത്സാഹജലത്രം ചൂടി മുന്നേറുന്നെങ്കിൽ, വിജയം വരിക്കും. ആസ്വാദകർ അനുമോദിക്കുകയും ചെയ്യും. ഉൽകൃഷ്ടാശയങ്ങൾ കാവ്യരൂപത്തിൽ സാഹിത്യലോകത്തിനു സമ്മാനിക്കുവാൻ കെ. എം. മുട്ടച്ചിറയുടെ തൂലിക ശക്തമാണ്. അതു കൂടുതൽ ശക്തമായി ഭവിക്കട്ടെ. ശ്രീ. കെ. എം-ന് ഹാൎദ്ദവമായ അനുമോദനങ്ങളും ഭാവിവിജയാശംസകളും നേൎന്നുകൊണ്ട്, ലളിതസുന്ദരവും ആശയസമ്പുഷ്ടവുമായ ഈ കൊച്ചുകവനതല്ലജത്തെ അനുവാചകസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

എം. പള്ളിക്കുന്നൻ

# കോരൻ്റെ കാള

## I

(മണിമഞ്ജരി)

മഴയെങ്ങും പെയ്യുമ്പോഴും വിളവെല്ലാം
[കൊയ്യുമ്പോഴും,
കിഴവനാം കോരൻപോയ് കാളവാങ്ങി.

നിലമെല്ലാ-മുഴവാനായ് വാങ്ങിച്ച കാളയ്ക്കു
പലവിധ രക്ഷകൾ ചെയ്തു കോരൻ.

പലനാളായ് പുല്ലും തവിടും ഭുജിച്ചതു
വലിയൊരു ഗജതുല്യം ക്രൂരനായി.

തലപൊക്കിഗ്ഗർജ്ജിച്ചു ഗംഭീര ചിത്തനായ്-
ക്കലിതുള്ളിയെങ്ങും വൃഷം നടന്നു.

മലയിലേക്കുകയറിയും വയലിലേക്കിറങ്ങിയും
കൊലകൊമ്പൻ കുത്തി മറിക്കുമെന്നും.

തൊലിയും ചുരിഞ്ഞു വിറച്ചു വിവശനായ്-
ച്ചലനമശക്തമായ്പ്പോയകാലം.

മലയിലേപ്പുല്ലുമക്കോരൻെറ പുരയിലേ-
ഫലമിലയൊക്കെബ്ഭുജിച്ചു വേഗം

കൊലകൊമ്പനായത്തു കാരണം, ധിക്കാരി
കലഹമുണ്ടാക്കി നടന്നിടുന്നു.

അഴിമതിയധികമായ്, കോരനു കഴിവില്ല,
കിഴവനാക്രൂററനെയെന്തു ചെയ്യും!

ഒരു ദിനം രാവിലേ കോരൻതന്നുരുവിനെ
വിരവോടു പാടത്തു കൊണ്ടുപോയി.

പണിയാനായ്പ്പാടത്തേയ്ക്കിണയായിക്കാളക-
ളണിയായിച്ചെന്നങ്ങു നിന്നനേരം,

മടിയേറും ക്രൂററനാദ്ധിക്കാരിയുററമായ്-
ച്ചോടിയോടുര "ച്ചിനിപ്പണിയുകില്ല:

പണിയേണ്ടാ കൂട്ടരേ, കാലിവർഗ്ഗങ്ങളേ,
ഗുണമില്ല, പണിയേണ്ടാ, വേണ്ട നമ്മൾ.

പണിതിട്ടും നമ്മൾക്കീ'മൂരാച്ചിവർഗ്ഗ'ങ്ങ-
ളണുപോലും 'ചോറു' തരുന്നില്ലല്ലോ!

പുലരിതൊട്ടുച്ചവരേയ്ക്കും പണിപ്പെട്ടു
വലയുമീ നമ്മൾക്കു തല്ലു മിച്ചം!

വയലിലീവേലകളെന്നെന്നും ചെയ്തിട്ടും
വയസ്സുവരുമ്പോളിടിച്ചുകൊന്നും,

കഠിനമായ് നമ്മുടെ വംശത്തെ മർദ്ദിക്കും
കഠിനരോടെതിരിടാൻ ധീരരേ, വാ!"

പശി നീക്കാൻ പാടത്തു ചെന്ന പശുക്കളെ-
മശനം വെടിഞ്ഞോടിയെത്തി ശീഘ്രം.

ചെവി രണ്ടും കൂർപ്പിച്ചു മൂരിക്കിടാത്തന്മാ-
രവികലം സൂക്തികൾ കേട്ടുനില്ക്കേ,

പെരിയൊരു സമരത്തിൻഭേരി മുഴക്കുമാ-
റരിയാടിയൂററമായ് ക്രുററനിത്ഥം:

"സമരം നാം ചെയ്യണം സഹജരേ, ധീരരേ,
സമരത്തിൻ'മാർച്ചിന്നു' സമയമായി.

മുലയൂട്ടാതെത്രനാളീ മർത്ത്യപ്പരിഷകൾ
വലയിച്ചു നമ്മളെ ബാല്യകാലേ:

ബലമായിപ്പൊണ്ണനാമുണ്ണിക്കു പാൽ നല്കി-
'ക്കലശംപോലുദരം നിറയ്ക്കു'വാനായ്,

പുലരിയിൽ പാത്രവും പേറിവരും ധാത്രി
കലികേറിത്തല്ലും തൊഴിച്ചാ'ലമ്മ'.

വയറു പൊരിഞ്ഞാലും കുഞ്ഞിനു പാലില്ല
കയറു പറിച്ചാലോ കഷ്ടകാലം!

'ഞം,ണ'യുവാനണയുമോരോമൽക്കിടാവിന്നു
പിണയുമീ ദോഷങ്ങൾ സഹ്യമാണോ?

ഉണരുക വീരരേ, ധീരരേ, വേഗമി-
പ്പണി മാററിസ്സ്വാതന്ത്ര്യം നേടണം കേശ!"

'ശരിതന്നെ, നേടണം' കീർത്തിച്ചുകാളക-
ളരിശത്തോടതിഘോരം ഗർജ്ജിച്ചെല്ലാം.

വടിയുമായ്ക്കോരനും കൂട്ടുകാരൊക്കെയും
ഝടിതിചെന്നെത്തിയക്കാലിമദ്ധ്യേ.

"അടിയല്ല, വെടിയല്ല,യെന്തെല്ലാം വന്നാലു-
മടിമയല്ലിനിമേലി"ലെന്നായ്, കാലി.

കലഹം മുഴുത്തപ്പോൾ കുലരക്ഷനേടുവാൻ
മലയിലേയ്ക്കോടി മൃഗങ്ങളെല്ലാം.

പരിചൊടു ചിരകാലം സുഖമായി:മൃഗഗണം
ഹരിതകപ്പുല്ലു ഭുജിച്ചുവാണു.

ഋഷഭങ്ങളതിമോദാലെങ്ങും വിഹരിച്ചു;
വിഷമമില്ലിന്നു സുഖിച്ചുവാഴാൻ.

II

(ഓട്ടൻതുള്ളൽ)

തിന്നുകുടിച്ചതിമോദം മലയിൽ
കന്നും കാളയുമൊക്കെ വസിക്കേ,

ഖഗതതിയനഢിനമെണ്ണംകൂടി
മൃഗതതിയതിനേക്കാളും പെരുകി.

കുന്നിൻ ചെരുവിൽ മേച്ചാണികണക്കെ
കന്നിൻക്കൂട്ടം നിതരാം പെരുകി.

പന്നികളനവധി കുററിക്കാട്ടിൽ
തിന്നുമദിച്ചു കുതിച്ചു നടന്നു.

കുക്ഷിനിറയ്ക്കാൻ ഭക്ഷ്യം നിരവധി
ശിക്ഷിക്കാനില്ലാരും കാട്ടിൽ,

സ്വാതന്ത്ര്യത്തിൻഭേരിമുഴക്കി-
ബ്ഭീതി വെടിഞ്ഞാക്കാലികദംബം

ഒത്തു വസിക്കും പർവ്വതമദ്ധ്യേ
ചത്താലും പോകില്ല നരന്മാർ.

ഇന്നു ഭയത്തിൻകാരണമൊന്നും
കുന്നിൻ മുകളിൽക്കാളയ്ക്കില്ല.

## III

കാട്ടിൻ നടുവിൽ കാളക്കൂററൻ
പെട്ടെന്നാങ്ങനെ നേതാവായി.

കുറുനരിവേഗം 'മന്തിരി'യായി
ചെറു പോത്തന്മാ'രുച്ചാളി'കളായ്.

'മർത്ത്യരുമായിട്ടെതിരിട്ട'മെന്നൊരു
നിത്യവ്രതം മൃഗമൊക്കെയെടുത്തു.

വാനരനികരം നിരനിരയായി-
ക്കാനനദേശേ കണ്ടൊരു ദിവസം

വാൽനരരെന്നു നിനച്ചാക്രൂററൻ
കാൽനിമിഷത്തിന്നുള്ളിൽ ചൊന്നു:

"പട്ടാളക്കാരെവിടേ, ചെല്ലൂ,
വെട്ടിക്കൊല്ലാ ദുഷ്ടന്മാരെ."

പാർത്തുപെരുമ്മിയിരുന്നവരെല്ലാ-
മൊത്തൊരുമിച്ചോ,രു യുദ്ധം ചെയ്യാൻ.

വാനരരെല്ലാം പേടിച്ചോടി-
ക്കാനനതരുശിഖരങ്ങളിലേറി.

ഭീതിപെരുത്തവരന്നു മുതല്ക്കി-
ബ്ഭൂതലവാസം ശാഖിയിലാക്കി.

വനമൊരു മാനസസരസ്സു സദൃശം
വന്യമൃഗങ്ങൾക്കഭയം നല്കി.

തിങ്ങിപ്പൊങ്ങും മോദത്തിരയിൽ
മുങ്ങി മദിച്ചു സുഖിച്ചു വസിക്കേ,

കേട്ടൊരു ശബ്ദം കാട്ടിന്നുള്ളിൽ,
ഞെട്ടിപ്പോയി മൃഗനേതാക്കൾ.

DHARMARAM COLLEGE BANGALORE
19815

പോത്തും കലയും കാളയുമൊക്കെ-
പ്പാർത്തു പരമ്മിയിരുന്നു തടാനീം.

കണ്ടവ, ദൂരത്താരോ കാട്ടിൽ
മണ്ടിവരുന്നു വേട്ടയ്ക്കായി.

കുറുനരി മന്തിരി ക്രുവിവിളിച്ചു,
ചെറുപോത്തന്മാരോടിയടുത്തു.

കാളകളനവധി ചുററുംക്കൂടി,
ആളുകളപകടനിലയിലുമായി.

വെടി പൊട്ടിച്ചു, ചില്ലു കുലച്ചു,
അടിതെററിപ്പലമൃഗവും വീണു.

ആനകളലറി പോത്തുകൾ വെട്ടി,
കാനനമാകെബ് ഭീകര ബഹളം!

വേട്ടക്കാരൊരു വൃക്ഷക്കൊമ്പിൽ
പെട്ടെന്നോടിക്കയറിയിരുന്നു.

നരരാമരമതിൽ മരുവുന്നേരം
പെരിയൊരു വാനര 'ജാഥ'യടുത്തു.

ഓരോ മരവും ചാടിച്ചാടി-
ത്തുരുതുരെ മർക്കടമങ്ങു ഗമിക്കേ,

പിമ്പേ പോയൊരു വൃദ്ധകരങ്ങിനെ-
യമ്പൊടു പിമ്പിൽനിന്നു പിടിച്ചാ-

കൊമ്പൻമൃഗഗണമദ്ധ്യേ വേഗം
കമ്പമൊടിട്ടാർ നരരതിഗൃദ്ധം.

അതിക്രോധാലക്കാലികളൂടനടി
പ്രതികാരത്തിന്നായി മുതിർന്നാ-

പ്രതിയെ ക്കുത്തിക്കൊന്നു,തി ശീഘ്രം
പ്രേതവുമേന്തിജ്ജാഥയുമായി.

അക്രമനികരം പോയതു നേരം
വിക്രമശാലികളധികം വേഗാൽ

ചത്തൊരു പോത്തിൻ മാംസവുമായി-
ട്ടെത്തി, വിറച്ചു ഭയന്നു ഗൃഹത്തിൽ.

അന്നുമുതല്ക്കവരിന്നുവരേയ്ക്കും
കുന്നിൽത്തനിയേ പോയിട്ടില്ല.

## IV

കാട്ടിൽ നിരവധി കാലി!കളങ്ങനെ
കൂട്ടംകൂടിപ്പാർക്കുന്നളവിൽ

വന്നു നീണ്ടൊരു വേനല്ക്കാലം!
കന്നിന്നൊക്കെദ്ദാഹവുമായി.

പച്ചപ്പട്ടു വിരിച്ചുംമീതേ
മെച്ചപ്പെട്ടതി മോഹനമലരും

ചാത്തിസ്സുന്ദര നീലാകാശ—
ച്ഛാത്തിൽ വാണൊരു ഭൂമീദേവി;

നീണ്ടതിരൂക്ഷത പൂണ്ടൊരു ഗ്രീഷ്മം-
കൊണ്ടതിതാപാലവളുടെ തലയും

മുണ്ഡനമെങ്ങാൻ ചെയ്യേന്നോർക്കും,
നീണ്ടുവരണ്ടൊരു ധരയെക്കണ്ടാൽ.

ഭക്ഷണമെന്നതു പ്രശ്നംതന്നേ,
ഭക്ഷ്യംകൂടാതെങ്ങനെ കഴിയും?

കുക്ഷിപ്രശ്നം തീർക്കാനെല്ലാ-
ക്കക്ഷിക്കാരും യോഗംകൂടി:

ബഹുവിധ പ്ലാനുകൾ ചർച്ച നടത്തി,
ബഹളം മൂത്തതുമാത്രം മിച്ചം.

കലഹം മൂത്തുപിരിഞ്ഞതു നേരം
കലഹക്കാരൻ ക്രൂററൻ തടിയൻ

ചൊന്നൂ, "പ്രിയരേ, ഒരു പണിയുണ്ടതു
ചൊല്ലാം, നിങ്ങൾ കേൾക്കുക വേഗം:

മുമ്പീ നമ്മൾ ജംബുകരൊത്തിഹ,
കമ്പമകന്നു വസിച്ചൊരു കാല—

ത്തൊട്ടും പട്ടിണിയില്ലാതരചർ—
മട്ടു സുഖിച്ചതു ചിന്തിക്കേണം.

അന്നു നമുക്കൊരു കുഞ്ഞും കുട്ടിയു-
മൊന്നും കൂടാതിങ്ങു വസിച്ചു;

ഇന്നു മുതല്ക്കീക്കാട്ടിൽ കുട്ടിക-
ളൊന്നും വളരാതായ്‌വിൽ, കേട്ടോ,

അഞ്ചെട്ടാണ്ടു കഴിഞ്ഞാൽ ഖിന്നത
കിഞ്ചനപോലും വേണ്ട സുഖിക്കാം.

## V

"ഇന്നീ ഭക്ഷ്യപ്രശ്നം മാററാ-
നൊന്നാന്തരമൊരു 'പ്ലാൻ' ചൊല്ലാം ഞാൻ:

പഞ്ഞംകൂടാൻ കാരണമാകും-
കുഞ്ഞു, ജനിക്കാതുലകിൽ വാഴാം.

അതിനായിനിമേലനുരാഗം മൂ-
ത്തതികുതുകം! 'പണിപററിച്ചാലും'

ഏററം പററിയ 'പദ്ധതി' കേൾക്കൂ,
കൂററൻ ഞാനതു ചൊല്ലാം വേഗം:

ഈ വനമദ്ധ്യേ കാണും ഗുഹയിൽ
യുവകോമളനാമൊരു മഹിഷം, കേൾ

വാഴുന്നുണ്ടാവാലില്ലാത്തൊരു
മോഴയ്ക്കൂറിയാമപ്പണി സർവ്വം."

കുറുനരിമന്തിരി മൂളിക്കേട്ടു,
ചെറുപോത്തന്മാരരിശപ്പെട്ടു.

കലയും പേടയുമകലെക്കാട്ടിൽ
വാലും പൊക്കിപ്പാഞ്ഞു മറഞ്ഞു.

നല്ലതുതന്നെ, നേതാവല്ലേ
ചൊല്ലിയതെന്നോർത്തല്ലാനരിയും

ധീരതകൂട്ടും മൂരിയുമേററം
ശൂരതയോടേ, 'കാട്ടിൽ മേലിൽ

കുട്ടികളൊന്നും കാണരുതെ'ന്നഥ
ഖട്ടികരെപ്പോൽ ചൊന്നതിക്രോധാൽ.

'സൊള്ളി നടക്കാൻ' യുവമൃഗമവയുടെ-
യുള്ളിൽ തിങ്ങിയ മോദത്തോടേ,

തുള്ളിച്ചാടിച്ചെന്നാ മഹിഷ-
ക്കള്ളൻ 'ഉള്ളു'കളെല്ലാം കേട്ടി-

ട്ടുള്ളമരുന്നും കരുവും മെയ്യിൽ
ത്തള്ളിക്കേററിസ്സിരയുമകററി-

പ്പുള്ളയ്യുള്ളിൽ പമ്മിവസിച്ചു,
കള്ളപ്പുള്ളികണക്കേ കഷ്ടം!

നാലഞ്ചോഴ്ചകളവിടെക്കാട്ടിൽ,
തലയും താഴ്ത്തി നടന്നാർക്കൂട്ടർ.

## VI

മാസം മൂന്നാലോടിമറഞ്ഞു
മാംസം ചീർത്തു മൃഗങ്ങൾക്കെല്ലാം.

യൗവനമവരെയലട്ടി പത്തുക്കെ-
പ്പൃത്ഥ്വതമെങ്ങും 'കൊള്ളയടിക്കാ'ൻ

ജീവിതസുഖമാണവരുടെ ലക്ഷ്യം
'ഭാവിയിലെല്ലാം ശൂന്യംതന്നെ'

"ഇന്ദ്രിയസുഖമതിലാണ്ടു വസിക്കാം,
ചന്ദ്രനിലേയ്ക്കിനിയെന്തിനു പോണം?

കുഞ്ഞുജനിക്കില്ലെ;ന്തിനു കണ്ണീത-
മഞ്ജലിയെങ്ങും കൂപ്പേണ്ടിനിമേൽ!"

പുത്തൻയുഗവും ഉത്തമരീതിയു-
മത്തൽ തീർക്കാൻ പററിയതാണോ?"

## VII

തള്ളിക്കയറും ചോരത്തിരയാ-
ലുള്ളിൽ തോന്നിയപോലതിക്രൂരം

"സൊള്ളി" നടന്നതു മൂലം കാട്ടി-
നുള്ളിൽ സൈപരമതില്ലെന്നായി.

വേനൽ നീണ്ടതുമൂലം കാട്ടിൽ-
ക്കാനൽ നീരിനു പായുംപോലെ,

കാമം മൂത്താവന്ധ്യമൃഗാദിക-
ളാമലമേലെയലഞ്ഞു വലഞ്ഞു.

കാട്ടിൽക്കല, പശു, ശുകമതിനെല്ലാം
കൂട്ടിൽ സുഖമായ് വാഴാൻ വിഷമം.

മാസം പലതും വേഗം നീങ്ങി
മാംസം ദുഷ്കൃതിമൂലം ചുങ്ങി.

തടിയന്മാരുടെ തണ്ടും നീങ്ങി
മാടിൻപററം ക്ഷീണിച്ചധികം.

ഭേദപ്പെട്ടില്ലൊട്ടും കാലം
ഖേദപ്പെട്ടിട്ടെന്തു വിശേഷം!

ക്ഷീണിച്ചനവധി പശുഗജതുരഗം
ക്ഷോണിയിലെങ്ങും വീണതു നേരം,

താങ്ങിപ്പൊക്കിയെടുക്കാനോ പുന-
രാംഗ്യംകൊണ്ടുരചെയ്യാനോ, കേ-

ളാരും ചെന്നില്ലവരുടെ രക്ഷ-
ക്കാരുണ്ടു,ണ്ടോ സന്തതിവല്ലോം?

രാഗം മൂലം ശോഷിച്ചെല്ലാം
രോഗം വന്നും നിരവധി ചത്തു.

മതിവരുവോളം ലോകസുഖാമൃത-
മതിമോഹാൽ ഭുവി തേടുകമൂലം

വലിയൊരു മണ്ണിൻ ശേഖരമായി-
ട്ടുലകിലകാലെ നശിച്ച 'ഭിസാര'ർ.

## VIII

മാരി പൊഴിഞ്ഞു വേനൽ മാറി
പാരിൽപ്പച്ചപ്പട്ട വിരിഞ്ഞു.

തരുനിരയെല്ലാമനിലാശ്ലേഷിത-
ഹരിതകതളിരിലതാരിതം ചാർത്തി.

പുല്ലും നെല്ലും പച്ചിലജലഗണ-
മെല്ലാമവനിയിലധികം സുലഭം.

ശേഷിച്ചുള്ള മൃഗങ്ങളുമേററം
ശോഷിച്ചുള്ള ഖഗങ്ങളുമധികം-

പോഷകഭക്ഷ്യം തിന്നുസുഖിച്ചാ-
ഭ്രഷിതമാമലമുകളിൽ വാണു.

## IX

കാലം പലതും നീങ്ങവെയൊരുനാറം
കാലത്തേ കേട്ടൊരു ബഹളം ഹാ!

കാട്ടിൽ, പ്പടയും വെടിയും ഭീകര-
വേട്ടപ്പട്ടി കുരയ്ക്കും സ്വരവും.

ഞെട്ടിവിറച്ചതിഭീയാർന്നെല്ലാം
കൂട്ടത്തോടേയോട്ടവുമായി.

19815

രക്ഷയ്ക്കായൊരു മാർഗ്ഗവുമില്ല
കക്ഷിക്കാരോ വിരളംതന്നെ.

പൊരുതാനിന്നില്ലാരും കഷ്ടം!
പരിതാപം കൊണ്ടെന്തുവിശേഷം!

ഒത്തൊരുമിക്കാനുണ്ടോ സമയം
ഒത്താലും പുനരെന്തുഫലം, ഹാ!

തീർന്നതുതന്നേ ജീവിതമവനിയി-
ലെന്നോർത്തെല്ലാം മണ്ടി നടക്കേ,

കണ്ടു, കുരംഗകദംബംമോദാ-
'ലുണ്ടു' സുഖിച്ചു വസിക്കും വിപിനം.

വിശ്രമമില്ലാതോടി മട്ടത്തി-
ട്ടശ്രു പൊഴിച്ചവയിത്ഥം ചൊന്നു:
"'ക്രൂററൻ പദ്ധതി' കേട്ടതിദൂര-
ത്തേററം പേടിച്ചോടിയ കലയും

പേടയുമെല്ലാമകലെക്കാട്ടിൽ
പേടിക്കാതെ വസിക്കുന്ന ഹഹോ!

എവ്വിധമാരുതുഴഞ്ഞു കടന്നാ-
പ്പർവ്വതമുടനേ പുൽകും നമ്മൾ?

വേനല്ക്കാലത്താറു വരണ്ടതു,
മാനിന്നവിടെ ചൊല്ലാൻ തരമായ്!"

നിരവധി തനയരുമൊത്തു സുഖിക്കും
ഹരിണത്തിൻ ഗണമാനന്ദിക്കേ,

ക്രൂരൻ ചൊല്ലിയ കുലസാഹാരക
കററം ചെയ്യുക മൂലം, ഭുവിയിൽ

വന്നുഭവിച്ചൊരനത്ഥം, വ്യാളം
ഖിന്നതയാർന്നു നിന്നല്പ കരഞ്ഞു.

## X

വേട്ടക്കാരവരൊട്ടും കോട്ടം-
തട്ടാതോടിച്ചെന്നതിക്രൂരം,
മണ്ടിന്നടന്ന മൃഗങ്ങളെയെല്ലാം
കണ്ടുപിടിച്ചും വെടിവെച്ചും പുന-
രവയെക്കാട്ടിൽനിന്നു തുരത്തീ-
ട്ടുവനേമർത്ത്യക്കടിമകളാക്കാൻ.
മാടുകളെല്ലാമിങ്ങനെ മർത്ത്യ-
ക്കടിമകളായിത്തീർന്നു വീണ്ടും.

## XI

സ്വാതന്ത്ര്യപ്രഹർഷത്താ-
ലേററവും തെളിഞ്ഞിട്ടു,
പാതകപ്രലോഭന-
ബ്ഭ്രതത്തിന്നൊത്തുയരത്ത-
മത്ത്യന്തം ചവിട്ടിയ
ഭോഷനാം മൃഗം, നല്കും,
പാതകം ചെയ്യും മർത്ത്യ-
ക്കുത്തമപാഠം, ദൃഢം.

DC Library
*00019815*
T61 M99